**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 156** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ശാക്തീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ്
ശ്രീ. ദീപക് ജോയ്
ശ്രീ. എഫ്. രാജ
ശ്രീ. കെ. ബിനിമോൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** തദ്ദേശീയമായി നിർമ്മിക്കുന്ന ഖാദി ഗ്രാമ ഉല്പന്നങ്ങളുടെ ഓൺലൈൻ അടക്കമുള്ള വിപണനസാധ്യതകൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഖാദി ഗ്രാമ ഉല്പന്നങ്ങളുടെ കമ്പോളം വിലയിരുത്തി ഉല്പാദന വർദ്ധനവിനും വൈവിധ്യവൽക്കരണത്തിനും അതുവഴി ഖാദിയുടെ വിപണന സാദ്ധ്യതകൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. "കേരള ഖാദി സ്പൈസസ്" എന്ന പേരിൽ ഗ്രാമ വ്യവസായ ഉല്പന്നമായ സുഗന്ധവ്യഞ്ജനങ്ങൾ വിപണിയിൽ ഇറക്കുവാൻ സാധിച്ചു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആകെ 191 വിപണനകേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശീയമായി നിർമ്മിക്കുന്ന ഖാദി ഗ്രാമ ഉല്പന്നങ്ങൾ “Kerala Khadi” എന്ന ഓൺലൈൻ ആപ്പിലൂടെ ഉപഭോക്താക്കളുടെ കൈകളിൽ എത്തിച്ചേരുന്നു. ഖാദി ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുക എന്ന ലക്ഷ്യത്തോടെ B-Senz എന്ന സ്ഥാപനം KHADI TRENDS AND VIBES എന്ന പേരിൽ ഡിജിറ്റൽ മാർക്കറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. ‘K-shoppee’ എന്ന ഓൺലൈൻ വിപണന ആപ്പിലൂടെയും ഖാദി ഉല്പന്നങ്ങൾ വില്പന നടത്തുന്നുണ്ട്. ഖാദി വസ്ത്രങ്ങളുടെ ചില്ലറ വില്പനക്ക് മുൻവർഷങ്ങളിൽ നല്കിവന്നിരുന്ന റിബേറ്റ് ആനുകൂല്യം ഈ സാമ്പത്തിക വർഷവും തുടരുന്നു. നടപ്പ് സാമ്പത്തിക വർഷം സ്പെഷ്യൽ റിബേറ്റ് ഓൺ റീട്ടെയിൽ സെയിൽ എന്ന പദ്ധതിയ്ക്കായി 15 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**(ബി)** പരമ്പരാഗത നെയ്ത്തിനുമപ്പുറം റെഡിമെയ്ഡ് വസ്ത്ര വ്യാപാരസാധ്യതകൾ പ്രയോജനപ്പെടുത്തി ഖാദി മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഖാദി തൊഴിലാളികൾക്ക് കൂടുതൽ വരുമാന സാധ്യതകൾ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** "ഖാദി പഴയ ഖാദി അല്ല" എന്ന സന്ദേശം ഉപഭോക്താക്കളിൽ എത്തുന്ന തരത്തിലുള്ള മാറ്റങ്ങളാണ് ഖാദി വസ്ത്രങ്ങളിൽ വരുത്തിയിട്ടുള്ളത്. പുതിയ തലമുറയെ

ആകർഷിക്കത്തക്കവിധം വെസ്റ്റേൺ വെയേഴ്സ്, പാർട്ടി വെയേഴ്സ്, കാഷ്വൽ വെയേഴ്സ്, ഓഫീസ് വെയേഴ്സ്, റെഡിമെയ്ഡ് ചുരിദാർ, ഫാഷൻ ടോപ്പ്, കിഡ്സ് വെയേഴ്സ്, അംഗൻവാടി യൂണിഫോം, ടീച്ചേഴ്സ് അപ്രോൺ, ഡോക്ടേഴ്സ്-നേഴ്സസ് കോട്ട്, കാക്കി യൂണിഫോം എന്നിവയും വിപണിയിൽ ഇറക്കി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ചാണ് ഖാദി ബോർഡ് ഇത് നടപ്പിൽ വരുത്തുന്നത്. കൂടാതെ പരമ്പരാഗത രീതിയിലുള്ള ഖാദി വസ്ത്രങ്ങളും ആയൂർവേദ സസ്യങ്ങൾ, പഴങ്ങൾ, മറ്റ് പ്രകൃതിദത്ത സ്രോതസ്സുകൾ എന്നിവയിൽനിന്ന് വേർതിരിച്ചെടുക്കുന്ന ചായം ഉപയോഗിച്ച് പ്രകൃതിദത്ത നിറമുള്ള "നാച്വറൽ സ്കിൻ കെയർ" ഖാദി വസ്ത്രങ്ങൾ എന്നിവയും വിപണിയിൽ ഇറക്കിയിട്ടുണ്ട്.

പയ്യന്നൂർ, ആലപ്പുഴ, കൊല്ലം-നെടുമ്പന, കളത്തൂർ-കോട്ടയം, പലതുള്ളി-പാലക്കാട്, പാപ്പനംകോട്-തിരുവനന്തപുരം, കുന്നുകര-എറണാകുളം എന്നിങ്ങനെ ഏഴിടങ്ങളിലായി റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റുകൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ബോർഡിന്റെ മേജർ ഷോപ്പുകളിലെല്ലാം ഡിസൈനർമാരുടെ സേവനം ലഭ്യമാണ്. കസ്റ്റമറുടെ അഭിരുചി അനുസരിച്ച് ഡിസൈൻചെയ്ത് നൽകുന്നുണ്ട്.

ഖാദി മേഖലയിലെ നൂല്പ്, നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ഖാദി ഉല്പാദനത്തിന് ആനുപാതികമായി പ്രോജക്ടിന്റെ വിറ്റുവരവിൽനിന്നും മാസവേതനവും നൽകി വരുന്നുണ്ട്. ഇതിനുപുറമേ ഖാദി തൊഴിലാളികൾക്ക് വരുമാന സാധ്യതകൾ ഉറപ്പ് വരുത്തുന്നതിനായി ഇൻസന്റീവ്, ഉൽസവബത്ത, ESI ആനുകൂല്യങ്ങൾ, ഹോളിഡേ വേജസ്സ്, സറണ്ടർ വേജസ്, മോഡിഫൈഡ് മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ്, ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയവയും നൽകി വരുന്നു. **ഖാദി നൂൽനൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന ഇൻസെന്റീവ്/ ഉത്സവബത്ത എന്ന പ്ലാൻ പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 6.6കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.**

**(സി)** ഖാദി മേഖലയിലുള്ള തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനും സാമ്പത്തികസഹായങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമിൽ ഖാദി മേഖലയെ ഉൾപ്പെടുത്തിയും സാമ്പത്തിക സഹായങ്ങൾ സമയബന്ധിതമായി നൽകി തൊഴിലാളികളെ സംരക്ഷിക്കുന്ന തിനുള്ള നടപടികൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്വീകരിച്ചു വരുന്നു.

ഖാദി മേഖലയിലെ നൂല്പ്, നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ഉല്പാദനത്തിന് ആനുപാതികമായി പ്രോജക്ടിന്റെ വിറ്റുവരവിൽനിന്നും മാസ വേതനം നൽകി വരുന്നുണ്ട്. മിനിമം വേതന നിയമപ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തുകയും അഖിലേന്ത്യാ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ചാർട്ട് പ്രകാരം തൊഴിലാളികൾക്ക് ലഭിക്കുന്ന തുകയും തമ്മിലുള്ള വ്യത്യാസം ഇൻകം സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് ടി മേഖലയിലെ തൊഴിലാളികൾക്ക്

സംസ്ഥാന സർക്കാർ മിനിമം വേതനം ഉറപ്പാക്കുന്നുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഉൾപ്പെടെയുള്ള 7 സ്ഥാപനങ്ങൾക്കായി ഇൻകം സപ്പോർട്ട് സ്കീം ഇനത്തിൽ 100 കോടി രൂപ നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ചികിത്സാ സഹായം വനിതാ ഖാദി തൊഴിലാളികൾക്കോ അവരുടെ പെൺമക്കൾക്കോ വിവാഹസഹായം, പ്രസവാനുകൂല്യം വിദ്യാഭ്യാസാനുകൂല്യം ഹൈസ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള ബിരുദ/ബിരുദാനന്തര പഠനത്തിന് ധനസഹായം എന്നിവ അനുവദിക്കുന്നു. കൂടാതെ, 60 വയസ്സ് പൂർത്തിയാക്കി കുറഞ്ഞത് 10 വർഷത്തെ സേവനം പൂർത്തിയാക്കിയ അംഗങ്ങൾക്ക് പ്രതിമാസം 2,000/- രൂപ നിരക്കിൽ പെൻഷനും അവശതാ/കുടുംബ പെൻഷൻ 2,000/- രൂപ നിരക്കിലും ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡ് നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**